POLICE DEPARTMENT

KERALA

**No. B1-15292/2022/RRRF**
Rapid Response & Rescue Force,
Malappuram
✉cmdtsraf.pol@kerala.gov.in
✆04942489398
Dated. 05-01-2023

**പുനർ ലേലപ്പരസ്യം**

മലപ്പുറം ജില്ലയിൽ മേലെ കോഴിച്ചെനയിലുള്ള ക്ലാരി ആർ ആർ ആർ എഫ് ക്യാമ്പിലെ വിവിധ ഇനങ്ങളിലുള്ള ഫലവൃക്ഷങ്ങളിൽ നിന്നും 2023 വർഷത്തെ (01-01-2023 മുതൽ 31-12-2023 വരെ) ആദായം എടുക്കുന്നതിനുള്ള അവകാശം 2023 ജനുവരി മാസം 12 -)0 തിയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് ക്ലാരി ആർ ആർ ആർ എഫ് ക്യാമ്പിൽ വച്ച് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

1. പ്രസ്തുത ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്കു നിരത ദ്രവ്യമായ 3000/-(മൂവ്വായിരം രൂപ) ആർ ആർ ആർ എഫ് കാഷ്യർ മുൻപാകെ 12/01/2023 നു രാവിലെ 11 മണിക്ക് മുൻപായി അടവാക്കി ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ടെണ്ടറുകൾ സമർപ്പിക്കുന്നവർ **കമാണ്ടൻറ്, ആർ. ആർ. ആർ. എഫ്** എന്ന പേരിൽ എടുത്ത 3,000/- രൂപയുടെ ദേശസാൽകൃത ബാങ്കിന്റെ ഡിമാൻഡ് 11/01/2023 വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിക്കത്തക്ക വിധം **കമാണ്ടൻറ്, ആർ.ആർ.ആർ.എഫ്, വാളക്കുളം പി.ഓ., മലപ്പുറം-676508** എന്ന വിലാസത്തിൽ അയക്കേണ്ടതും, കവറിനു മുകളിൽ **"ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം - 2023"** എന്നു രേഖപ്പെടുത്തേണ്ടതുമാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ തിരിച്ചറിയൽ/മേൽവിലാസം തെളിയിക്കുന്ന രേഖകൾ കൈവശം കരുതേണ്ടതാണ്.

2. അസി.കമാണ്ടൻറ് (ക്യൂഎം) - ൻറെ അനുമതിയോടുകൂടി ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ ഉച്ചക്ക് ശേഷം 3 മണി മുതൽ വൈകീട്ട് 5 മണി വരെയുള്ള സമയത്ത് ടി ഫലവൃക്ഷങ്ങൾ പരിശോധിക്കാവുന്നതും വരുന്നവർ തിരിച്ചറിയൽ രേഖ കൈവശം കരുതേണ്ടതും ആവശ്യപ്പെടുന്നപക്ഷം ഹാജരാക്കേണ്ടതുമാണ്.

3. കൂടുതൽ തുകക്ക് ലേലം ഉറപ്പിക്കുന്ന വ്യക്തി അല്ലെങ്കിൽ ഏറ്റവും ഉയർന്ന തുകയുള്ള ടെണ്ടർ സമർപ്പിച്ച വ്യക്തി ആരാണോ അവർ തുകയുടെ പകുതി (നിരതദ്രവ്യം കിഴിച്ചുള്ളത്) അന്നേദിവസം തന്നെ ആർ ആർ ആർ എഫ് കാഷ്യർ മുൻപാകെ അടക്കേണ്ടതും, ബാക്കി തുക ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച 7 ദിവസത്തിനുള്ളിൽ ആർ ആർ ആർ എഫ് കാഷ്യർ വശം അടച്ച രസീത് വാങ്ങേണ്ടതുമാണ്. അല്ലാത്തപക്ഷം ലേലം റദ്ദാക്കി ലേലക്കാരൻ അടച്ച മുഴുവൻ തുകയും സർക്കാരിലേക്ക് ഈടാക്കുന്നതും, നിശ്ചിത സമയത്തിനുള്ളിൽ പുനർ ലേലം നടത്തുന്നതും ആയതിൽ സർക്കാരിന് നഷ്ടം സംഭവിക്കുകയാണെങ്കിൽ ടി തുക ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും, മറിച്ച് ലാഭം ഉണ്ടാകുകയാണെങ്കിൽ ആയതിനു ആദ്യലേലം ഉറപ്പിച്ച വ്യക്തിക്കു യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

4. ലേലം കൊള്ളാത്തവരുടെ നിരത ദ്രവ്യം ലേലം കഴിഞ്ഞാലുടൻ രേഖകൾ പരിശോധിച്ചു തിരികെ നൽകുന്നതാണ്.

5. അവകാശം ലേലത്തിൽ പിടിക്കുന്ന വ്യക്തിക്ക് 2023 ജനുവരി 1 മുതൽ 2023 ഡിസംബർ 31 വരെയുള്ള കാലയളവിൽ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ടി ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായങ്ങൾ ശേഖരിച്ച് കൊണ്ടുപോകാവുന്നതും, ക്യാമ്പിലെ മറ്റ് മരങ്ങൾക്കോ കെട്ടിടങ്ങൾക്കോ കേടുപാടുകൾ സംഭവിക്കാതെ നോക്കേണ്ടതും, അങ്ങിനെ സംഭവിച്ചാൽ ആയതിനുള്ള നഷ്ടം ലേലം പിടിച്ച വ്യക്തിയിൽ നിന്നും ഈടാക്കുന്നതുമാണ്.

6. യാതൊരുവിധ കാരണവും കൂടാതെ ലേലം മാറ്റി വയ്ക്കുന്നതിനോ ലേലം അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അവകാശം ആർ ആർ ആർ എഫ് കമാണ്ടൻറിനോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഉണ്ടായിരിക്കുന്നതും, ലേലം സംബന്ധിച്ച എല്ലാ സർക്കാർ വ്യവസ്ഥകളും ഈ ലേലത്തിൽ ബാധകമായിരിക്കുന്നതുമാണ്.

7. ഫലവൃക്ഷങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫല വൃക്ഷങ്ങളുടെ വിവരം | എണ്ണം |
|---|---|---|
| 1. | തെങ്ങ് | 48 |
| 2. | മാവ് | 46 |
| 3. | പ്ലാവ് | 17 |
| 4. | കശുമാവ് | 97 |
| 5. | പുളി | 2 |
| 6. | നെല്ലി | 1 |
| 7. | ഞാവൽ | 5 |



ANUJ PALIWAL IPS
Commandant

To : അസി.കമാണ്ടൻറ് (ക്യൂ.എം) അറിവിലേക്കും ലേല നടപടികൾക്കും.

Copy To : ലേല ബോർഡ് അംഗങ്ങൾക്ക്. എല്ലാ ജില്ലാ പോലീസ് മേധാവിമർക്കും, ബറ്റാലിയൻ കമാണ്ടൻറുമാർക്കും അറിവിലേക്ക്. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, മലപ്പുറം - അറിവിലേക്കും പരസ്യം ചെയ്യുന്നതിനും. സെക്രട്ടറി - കോട്ടക്കൽ, മലപ്പുറം, തിരൂർ, തിരൂരങ്ങാടി മുനിസിപ്പാലിറ്റികൾ/പെരുമണ്ണ-ക്ലാരി, ഒഴൂർ,തെന്നല,കൽപകഞ്ചേരി പഞ്ചായത്തുകൾ. കാഷ്യർ, സി.എ.എന്നിവരുടെ അറിവിലേക്ക്.

B1-15292/2022/RRRF 6c6c88